പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2751 28-10-2026-ൽ മറുപടിയ്ക്ക്

പയ്യനാട് സബർബൻ കുടിവെള്ള പദ്ധതിയുടെ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. റഹ്മത്തുള്ള

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) 2018-ൽ ഭരണാനുമതി ലഭിച്ച മഞ്ചേരി നഗരസഭയിലെ പയ്യനാട് സബർബൻ കുടിവെള്ള പദ്ധതി, എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

മറുപടി: വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

(ബി) പ്രവൃത്തി തടസ്സപ്പെട്ടതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ അനുസരിച്ച് പദ്ധതി കരാറെടുത്ത റീന എൻജിനിയേഴ്സ് കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് മേൽ വാട്ടർ അതോറിറ്റി ചുമത്തിയ പിഴ ഒഴിവാക്കി നൽകാനും, പകരം സർക്കാർ/വാട്ടർ അതോറിറ്റിക്കെതിരെ കമ്പനി നൽകിയ കേസുകൾ പിൻവലിക്കാനും യോഗത്തിൽ ധാരണയായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ;

മറുപടി: മഞ്ചേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ കരാറുകാരന് പിഴ ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. കരാറുകാരനുമായി ഒരു ഹിയറിംഗ് നടത്തി പ്രാദേശികമായി മഞ്ചേരി കുടിവെള്ള പദ്ധതിയുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഇതേ കരാറിൽ തന്നെ ഈ പ്രവൃത്തി മുന്നോട്ട് കൊണ്ട് പോകുന്നതിന് ആവശ്യമായിട്ടുള്ള ഒരു നടപടിക്കുള്ള സാധ്യത പരിശോധിച്ച് തീരുമാനം കൈകൊള്ളുന്നതിനും പിന്നീട് ബോർഡ് തല മീറ്റിങ്ങിൽ സാധൂകരിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

പ്രസ്തുത തീരുമാന പ്രകാരം 12.10.2026 ന് മാനേജിംഗ് ഡയറക്ടർ കരാറുകാരനെ ഹിയർ ചെയ്യുകയും, പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ ഒഴിവാക്കി പ്രവൃത്തി അവാർഡ് ചെയ്യുന്നത് പരിഗണിക്കണമെന്ന് കരാറുകാരൻ അഭ്യർത്ഥിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ, പ്ലാന്റിൽ അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ

ഏതൊക്കെയാണെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് ഇനിയും കിഫ്ബി അംഗീകാരം ആവശ്യമുണ്ടോ; എങ്കിൽ അത് ലഭ്യമാക്കുന്നതിന് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

മറുപടി: ഉണ്ട്. 12-10-2026-ൽ കരാറുകാരനുമായി നടന്ന ഹിയറിംഗിന്റെ അന്തിമ തീരുമാനത്തിന് അനുസരിച്ച് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിർത്തിവെച്ച എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നേക്ക് പുനരാരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; 2027 മാർച്ച് 31-ഓടെ പയ്യനാട്, തടപ്പറമ്പ് ഭാഗങ്ങളിലേക്ക് കുടിവെള്ളം പൂർണ്ണമായി എത്തിച്ചു നൽകാൻ കഴിയുന്ന തരത്തിൽ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് വിധേയമായി ടെൻഡർ നടപടികൾ പൂർത്തികരിച്ച് ആറ് മാസത്തെ കാലയളവിനുള്ളിൽ പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ

Annexure

ക്രമ നമ്പർ	പഞ്ചായത്ത്	ഫിനാൻഷ്യൽ ഹെഡ്	ഭരണാനുമതി തുക (ലക്ഷത്തിൽ)	ഭരണാനുമതി ലഭിച്ച വർഷം	സാങ്കേതികാനുമതി തുക (ലക്ഷത്തിൽ)	പ്രവൃത്തിയുടെ പേര്	നിലവിലെ അവസ്ഥ	ബോട്ടിൽ നെക്ക് (തടസ്സങ്ങൾ)
1	മഞ്ചേരി	കിഫ്ബി	7258.00	2018	2759.00	കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേരി സബ് അർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പാക്കേജ് 1 ൽ ഉൾപ്പെട്ട ജലശുദ്ധീകരണശാല, ട്രാൻസ്ഫോർമറും, ട്രാൻസ്ഫോർമർ ബിൽഡിഗും, റോ വാട്ടർ പമ്പിംഗ് മെയിൻ, ബൂസ്റ്റർ സമ്പ്, പമ്പ് സെറ്റ് എന്നീവയുടെ നിർമ്മാണം	പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്.	
2					4396.00	പാക്കേജ് 2 ൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ, കിള്ളികല്ലിൽ നിലവിലിലുള്ള ജലശുദ്ധീകരണ ശാലയുടെ നവീകരണവും അനുബന്ധ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുന്നു.	വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും കിള്ളി കല്ലിൽ നിലവിലിലുള്ള ജലശുദ്ധീകരണ ശാലയുടെ നവീകരണവും അനുബന്ധ പ്രവൃത്തികളും ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖലക്കാവശ്യമായ ഡി.ഐ പൈപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. വിതരണ ശൃംഖല സ്ഥാപിക്കാനാവശ്യമായ പി.വി.സി പൈപ്പുകൾ പൂർണമായും വിതരണം ചെയ്ത് സ്ഥാപിക്കാൻ ബാക്കിയുണ്ട്.	പാക്കേജ് 2 ൽ ഉൾപ്പെട്ട വിതരണ ശൃംഖലയുടെ പ്രധാനപ്പെട്ട വിഭാഗമായ പി.വി.സി പൈപ്പുകൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ കേസ് നൽകിയതിനെ തുടർന്ന് പ്രവൃത്തി കഴിഞ്ഞ 2 വർഷത്തോളമായി നിർത്തി വെച്ചിരിക്കുകയാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ ചെയ്തുവരുന്നു

3			2830.00	2018	1664.00	കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേരി മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി ഡി.ഐ പൈപ്പ് ആക്കി മാറ്റുന്ന പ്രവൃത്തി	90% പൂർത്തീകരിക്കുകയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രവൃത്തി ഷോർട്ട്ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.	